ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാരമ്പര്യ വൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ ലഭ്യമാക്കുന്നത് സംബന്ധിച്ച യാതൊരു പദ്ധതിയും നാട്ടു ചികിൽസാ വകുപ്പിൻ കീഴിൽ നിലവിലില്ല.

ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട് ലെറ്റുകൾ വഴി വിൽക്കുന്ന ഉൽപ്പന്നങ്ങൾ

142 [5950] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട് ലെറ്റുകൾ വഴി എന്തെല്ലാം ഉൽപ്പന്നങ്ങളാണ് വിൽക്കുന്നത്;

(ബി) ഈ ഉൽപ്പന്നങ്ങൾ എവിടെ നിന്നാണ് പർച്ചേസ് ചെയ്യുന്നത്, പർച്ചേസ് ചെയ്യുന്ന മുഴുവൻ ഉൽപ്പന്നങ്ങളും വിറ്റ് തീരാറുണ്ടോ; അവ കെട്ടിക്കിടക്കുമ്പോൾ വീണ്ടും വാങ്ങാറുണ്ടോ;

(സി) ഖാദി ബോർഡിന്റെ ഷോറൂമുകളിൽ ഖാദിത്തുണിത്തരങ്ങളും ഖാദി സിൽക്ക് തുണികളും അല്ലാതെ ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ടോ; എങ്കിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായം ലഭിച്ചിട്ടില്ലാത്ത ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ടോ;

(ഡി) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായം ലഭിച്ചിട്ടില്ലാത്ത മറ്റ് ഉൽപ്പന്നങ്ങൾ ഖാദി ബോർഡ് ഔട്ട് ലെറ്റുകൾ വഴി വിൽക്കുന്നതിന് സർക്കാർ അനുമതി ഉണ്ടോ;

(ഇ) ഖാദി ഉൽപ്പന്നങ്ങൾ അല്ലാതെ മറ്റ് ഉൽപ്പന്നങ്ങൾ വിൽക്കുന്നതുകൊണ്ട് ഖാദി ബോർഡിന് ലാഭമാണോ അതോ നഷ്ടമാണോ ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉൽപ്പന്നങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ബോർഡിന്റെ സെയിൽസ് ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ ഒരുഭാഗം ബോർഡ് നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവയാണ്. ഒരു ഭാഗം ബോർഡ് ധനസഹായം ചെയ്യുന്ന ഗ്രാമ വ്യവസായ യൂണിറ്റുകളിൽനിന്നും മറ്റൊരു ഭാഗം അന്യ സംസ്ഥാനത്തുനിന്നും വാങ്ങുന്നവയുമാണ്. മുഴുവൻ ഉൽപ്പന്നങ്ങളും വിറ്റു തീരാറില്ല. മുഴുവൻ സ്റ്റോക്ക് വിറ്റു തീർത്തിട്ട് പുതിയവ വാങ്ങുന്നത് കച്ചവടത്തിൽ പലപ്പോഴും പ്രായോഗികമല്ലാത്തതിനാൽ വിറ്റു തീരാത്ത ഇനങ്ങളിൽപ്പെട്ട സാധനങ്ങളും പുതുതായി വാങ്ങാറുണ്ട്. വിൽപ്പനയോഗ്യമല്ലാത്തവ ബോർഡ് തീരുമാനത്തോടെ റിഡക്ഷൻ നൽകി വിറ്റഴിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിധ്യത്തിനായി ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായം ലഭിച്ചിട്ടില്ലാത്ത ഉൽപ്പന്നങ്ങളും വിൽക്കുന്നുണ്ട്.

(ഡി) പൊതുവേ ഖാദി ബോർഡിന്റെയോ ഖാദി കമ്മീഷന്റെയോ നേരിട്ടുള്ള ഉൽപ്പന്നങ്ങളോ, ഖാദി ബോർഡോ, ഖാദി കമ്മീഷനോ ധനസഹായം നൽകി പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോ ആണ് വിൽക്കുന്നത്. എന്നാൽ ഉപഭോക്താക്കളുടെ താൽപ്പര്യം കണക്കിലെടുത്ത് മറ്റു ഉൽപ്പന്നങ്ങളും വിൽപ്പനയ്ക്കായി, വൈവിധ്യത്തിനായി വയ്ക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

മാർജിൻമണി സ്കീം പ്രകാരം ആരംഭിച്ച വ്യവസായങ്ങൾ

143 [5955] ശ്രീ. വി. കെ. സി. മമത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് നടപ്പാക്കുന്ന മാർജിൻ മണി സ്കീമിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; എന്നാണ് ഈ പദ്ധതി ആരംഭിച്ചത്;

(ബി) ഈ പദ്ധതി പ്രകാരം എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഈ വ്യവസായങ്ങൾക്ക് മാർജിൻ മണി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വ്യവസായങ്ങൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഖാദി കമ്മീഷനിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാര്യത്തിലുള്ള തടസ്സമെന്താണെന്നും ഫണ്ട് ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം ആരംഭിച്ച വ്യവസായങ്ങൾക്ക് ഖാദി ബോർഡിൽനിന്നും മാർജിൻ മണി പാസ്സാക്കി നൽകാത്തതിനാൽ സെയിൽസ് ടാക്സ് വകുപ്പിന് നൽകാനുള്ള സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്ന അവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതേ തുടർന്ന് റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാകുന്ന യൂണിറ്റുകളെ സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly